# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണർകാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി13/1897/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണർകാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി13/1897/2023 തീയ്യതി: 22/12/2023

## കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 14-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 14-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ലേഖ വി, ഓഡിറ്റ് ഓഫീസർ

ഡാനിമോൾ കെ.ജെ, ഓഡിറ്റ് ഓഫീസർ

ഷാന്റി ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജു കെ.സി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ബിജു തോമസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധീർ എൻ.എം. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| തോമസ് ബോബി മാത്യൂസ് | കൃഷി ഓഫീസർ | 01-04-2022 | 05-08-2022 |
| ഗൌരി കെ.ആർ. | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| സ്വപ്ന മഞ്ജരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മണർകാട് | 01-04-2022 | 31-03-2023 |
| നാൻസി തമ്പി | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2022 | 31-03-2023 |
| സ്മിത എം.പീതാംബരൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| മെർലിൻ അലക്സാണ്ടർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സന്തമകുമാരി റ്റി.എസ്. | വി.ഇ.ഒ. | 01-04-2022 | 10-10-2022 |
| രാജേഷ് റ്റി. | വി.ഇ.ഒ. | 11-10-2022 | 31-03-2023 |
| ലക്ഷ്മി എ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| മായ ബി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| സലിൽ ക്ലീറ്റസ് | അസി.എഞ്ചിയനീയർ | 01-04-2022 | 31-03-2023 |
| പ്രീതി സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| സാന്റി എ.കെ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| കണ്ണൻ എം.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-2 |
| 4 | ജനറൽ ഫണ്ട് -കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-3 |
| 5 | പാർട്ട് ബിൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണം കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-5 |
| 7 | വാർഷികകണക്കിന്റെ കൃത്യത ഉറപ്പ വരുത്തുന്ന അടിസ്ഥാന രജിസ്റ്ററുകൾ അപൂർണ്ണം | 1-1-6 |
| 8 | മുൻകുറുകളുടെ വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | മാനുവൽ രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-11 |
| 19 | വസ്തുനികുതി-90% പിരിവ് ലക്ഷ്യം കൈവരിച്ചില്ല | 1-12 |
| 20 | വില കൂടിയ സാധനങ്ങൾ ഉപയോഗിച്ച് തറനിർമ്മാണം-അടിസ്ഥാന നികുതിയിൽ നിയമാനുസൃതമുള്ള വർദ്ധനവ് വരുത്തുന്നില്ല | 1-13 |
| 21 | അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 22 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 23 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-16 |
| 24 | അധിക വിഭവ സമാഹരണം | 1-17 |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല | 1-18 |
| 26 | മുൻകുറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-19 |
| 27 | സ്യൂട്ട് രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തൽ വരുത്തുന്നില്ല | 1-20 |
| 28 | ഗാർഹിക മാലിന്യസംസ്കരണം- ജി-ബിൻ വിതരണം - ജി.എസ്.ടി സ്രോതസ്സിൽ കുറവുചെയ്തില്ല | 1-21 |
| 29 | ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. | 1-22 |
| 30 | ലൈഫ് ഭവനനിർമ്മാണപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-23 |
| 31 | ലൈഫ് മിഷൻ - സ്ഥലം വാങ്ങൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചില്ല | 1-24 |
| 32 | കന്നുകുട്ടി പരിപാലനം തുടർ നടപടി വിവരവും നിക്ഷേപിക്കപ്പെട്ട തുകയുടെ വിനിയോഗവിവരവും ലഭ്യമല്ല | 1-25 |
| 33 | പൊതുടാപ്പ് - പ്രവർത്തനക്ഷമമല്ലാത്തവയുടെ വെള്ളക്കരം ഒടുക്കുന്നത് മൂലം പാഴ്ച്ചെലവ് | 1-26 |
| 34 | അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണം- പ്രത്യേക ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച | 1-27 |
| 35 | റർബൻ മിഷൻ - അനുമതി ഇല്ലാതെ പ്രോജക്ട് ഏറ്റെടുത്തു - തനതു ഫണ്ടിൽ നിന്നും അധികച്ചെലവ് | 1-28 |
| 36 | ഇന്റർലോക്ക് വിരിക്കൽ - കരാറുകാരന് അധിക നിരക്ക് നൽകി | 1-29 |
| 37 | കാലിബാരലുകളുടെ വില ഈടാക്കിയില്ല | 1-30 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. മണർകാട് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27/06/2023 തീയതിയിലെ 5(1) തീരുമാനം പ്രകാരം അംഗീകരിച്ച് 30/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മണർകാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .**

### 1-1-1 പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-2 ക്യാപിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല

വികസന ഫണ്ടിന്റെ (ജനറൽ, SCP, TSP) ചെലവ് റവന്യൂ-ക്യാപ്പിറ്റൽ വേർതിരിച്ച് ക്യാപ്പിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-3 ജനറൽ ഫണ്ട് -കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

31/03/2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

### 1-1-4 പാർട്ട് ബിൽ തുക ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപ്പെടുത്തുന്നില്ല

പാർട്ട് ബില്ലുകൾ നല്കിയിട്ടുണ്ടെങ്കിലും ആയവ Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല.(ഉദാ. പി എച്ച് സി കെട്ടിട നിർമ്മാണം)

### 1-1-5 ആസ്തികളുടെ മൂല്യശോഷണം കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്നില്ല

### 1-1-6 വാർഷികകണക്കിന്റെ കൃത്യത ഉറപ്പു വരുത്തുന്ന അടിസ്ഥാന രജിസ്റ്ററുകൾ അപൂർണ്ണം

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ആസ്തി രജിസ്റ്റർ, മറ്റ് ആവശ്യങ്ങൾക്ക് ലഭിച്ച തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ കൃത്യതയോടെ തയ്യാറാക്കി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-7 മുൻകൂറുകളുടെ വിശദാംശം ലഭ്യമല്ല

31.03.2023-ൽ ബാലൻസ് ഷീറ്റ് ബി18 ഷെഡ്യൂൾ പ്രകാരമുള്ള മുൻകൂറുകളുടെ വിശദാംശം അനുബന്ധ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

## 1-2 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2022 ലെ 1(1) നമ്പർ തീരുമാനം പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുള്ളതും 08.03.2023 ലെ 9/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുള്ളതുമാണ്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 15976128 | 23378935 |
| വരവ് | 207020052 | 195958652 |
| ആകെ | 222996180 | 219337587 |
| ചെലവ് | 212245000 | 202745000 |
| നീക്കിയിരിപ്പ് | 10751180 | 16592587 |

## 1-3 സാമ്പത്തിക നില

**റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 25942088 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54647134 |
| ആകെ | 80589222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49338128 |
| നീക്കിയിരിപ്പ് | 31251094 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 88887786.00 |
| ആകെ ചെലവ് | 78994485.00 |

| | |
|---|---|
| വരുമാനമിച്ചം | 9893301 |
| മുൻകാല അക്കൌണ്ടിംഗ് ക്രമീകരണം | 288546.00 |
| അറ്റ പ്രവർത്തന മിച്ചം | 92053.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16821 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ചെലവ്ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16383000 | 16383000 | 14701415 | 1681585 | 89.7 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3943000 | 3943000 | 3537073 | 405927 | 89.7 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 329000 | 329000 | 282399 | 46601 | 85.8 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12274000 | 12274000 | 9880251 | 2393749 | 80.49 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4931000 | 4931000 | 4931000 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 2107630 | 6353724 | 8461354 | 3746939 | 4714415 | 44.28 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 804473 | 3978559 | 4783032 | 4001243 | 781789 | 83.65 |
| ഐ.സി.ഡി.എസ് | 1105845 | 931412 | 2037257 | 157594 | 1879663 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 0 | 210603 | 210603 | 136448 | 74155 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്) | 0 | 80990 | 80990 | 58048 | 22942 | |

1.സർക്കാർ ഉത്തരവ് (കൈ.)നം.179/2022/ധന./18.10.2022 പ്രകാരം വസ്തുനികുതി പിരിവ് 2021-22 സാമ്പത്തിക വർഷം 90 ശതമാനത്തിൽ താഴെ പിരിവ് വന്നതിനാൽ 163830/- രൂപ വികസനഫണ്ടിന്റെ പൊതുവിഭാഗം അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക ഉൾപ്പെടെയാണ് വരവായി ചേർത്തിരിക്കുന്നത്.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, എസ്.റ്റി.പി. വിഹിതങ്ങളിൽനിന്ന് യഥാക്രമം 1599730/- രൂപ, 432442/-, 27899 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

3.CFC Grant Tied ഇനത്തിൽ ട്രഷറിയിലേയ്ക്ക് ലഭിച്ച അലോട്ട്മെന്റ് തുക 2080724/- രൂപയിൽ 1024552/- രൂപ ചെലവഴിച്ച് 10,56,172/- രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

4. CFC Grant Untied ഇനത്തിൽ ട്രഷറിയിലേയ്ക്ക് ലഭിച്ച അലോട്ട്മെന്റ് തുക 949221/- രൂപയിൽ 768054/- രൂപ ചെലവഴിച്ച്. 181167/- രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

5. CFC Grant Untied- വീട് അറ്റകുറ്റപ്പണിക്ക് നൽകിയ തുക ചെലവഴിയ്ക്കാത്തതിനാൽ 2 ഗുണഭോക്താക്കൾ തിരികെ അടവാക്കുകയും 22-23 വർഷം അക്കൗണ്ടിൽ വരവ് വന്ന 50,000/- രൂപ CFC Grant Untied വരവ് ഇനത്തിൽ ചേർത്തിട്ടുണ്ട്.

6. ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

7. സിഎഫ്സി ഗ്രാന്റ് മുന്നിരിപ്പ്/നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2022-23 വാർഷികപദ്ധതിയ്ക്ക് 6.3.23ലെ 82898/22/ഡി.പി.സി/ഡി.പി.ഒ/കോട്ടയം ഉത്തരവ് പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.7.22ലെ 1(1) നമ്പർ തീരുമാനപ്രകാരം പദ്ധതിയ്ക്ക് അന്തിമ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഷിക പദ്ധതി രൂപീകരണം | 21.5.22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 30.8.22 |
| വികസന സെമിനാർ | 25.6.22 |
| ഊരുകൂട്ടം | 14.5.22,12.12.22 |
| ഭിന്നശേഷി ഗ്രാമസഭ | 13.5.22 |
| വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം | 21.1.22 |
| പ്രൊക്യൂർമെന്റ് കമ്മിറ്റിയോഗം | 9.12.22 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|
| 157 | 134051244 | 53004725 | 126 | 30 | 80.76 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ/ നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| കൃഷി ഓഫീസർ | 5/5 | 1756020 | 1138038 | 64.8 |

| | | | | |
|---|---|---|---|---|
| വെറ്ററിനറി സർജൻ | 4/4 | 1139200 | 769664 | 67.5 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9/8 | 4302964 | 2330030 | 54.14 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1/1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1/1 | 400000 | 400000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1/1 | 120000 | 21280 | 1773 |
| വി.ഇ.ഒ | 20/16 | 62423224 | 14738240 | 23.6 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 6/4 | 5635000 | 3658126 | 64.9 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2/2 | 1950000 | 1190729 | 61.06 |
| സെക്രട്ടറി | 25/19 | 6385356 | 3368510 | 52.75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78/61 | 48494480 | 24020388 | 49.53 |
| ഹെഡ്മാസ്റ്റർ | 2/2 | 800000 | 794720 | 99.34 |
| അസിസ്റ്റന്റ് സെക്രട്ടറി | 3/2 | 445000 | 375000 | 84.26 |
| ആകെ | 157/126 | 134051244 | 53004725 | 39.54 |

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിഭാഗത്തിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റ് തുക പൂർണ്ണമായും തന്നെ വിനിയോഗിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

| ഫണ്ടിനം | ചെലവ് ശതമാനം |
|---|---|
| പദ്ധതി വിഹിതം (ജനറൽ) | 89.73 |
| എസ്.സി.പി | 89.7 |
| ടി.എസ്.പി | 85.8 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 80.49 |

ഫണ്ടുകളുടെ പൂർണ്ണമായ വിനിയോഗം തുടർവർഷങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

**5764931/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 5764931 രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 1681585 |
| വികസനഫണ്ട്(എസ്.സി.പി) | 405927 |
| വികസനഫണ്ട്(ടി.എസ്.പി) | 46601 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 2393479 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 1056172 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 181167 |
| ആകെ | 5764931 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 57 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. നിക്ഷേപ പ്രവൃത്തികൾ - മുൻ വർഷങ്ങളിലേതുൾപ്പെടെ 7274040 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പെടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 7274040/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 3107440/- രൂപ, സോഷ്യോ ഇക്കണോമിക് യൂണിറ്റിൽ നിക്ഷേപിച്ച 300000/- രൂപ, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3866600/- രൂപ എന്നിവയുടെ വിനിയോഗ വിവരമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഏജൻസികളിൽ നിന്നും അതാത് വർഷങ്ങളിലെ വാർഷിക പദ്ധതി ചെലവായി പരിഗണിക്കപ്പെട്ട തുകയിൽ ഇത്രയധികം തുകയുടെ ഭൗതികനേട്ടം ആർജ്ജിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം സാങ്കേതിക അനുമതി ലഭിച്ച 121 പ്രോജക്ടുകളിൽ 73 എണ്ണം തൻവർഷം നടപ്പിലാക്കി. 27665 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 421 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, അസോള, സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 48832 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 10818102 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 798069 |
| ആകെ | | 11665003 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 8676582 |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 479870 |
| | സാധന വില, വാടക, ബാങ്ക് ചാർജ് | 1661650 |
| | ഭരണ ചെലവുകൾ | 793759 |
| ആകെ ചെലവ് | | 11611861 |
| | നീക്കിയിരിപ്പ് | 53142 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 350000 | 1805 |
| വിധവാപെൻഷൻ | 931800 | 5253 |
| വാർദ്ധക്യകാലപെൻഷൻ | 4368400 | 2525 |
| വികലാംഗപെൻഷൻ | 388000 | 1990 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 32000 | 182 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |
| തൊഴിൽ രഹിത വേതനം | 3720 | 3 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.2023 ന് 3.07 പി എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 40,932/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. മുൻവർഷ നികുതി കുടിശ്ശിക ഈടാക്കുന്നതിന് ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വസ്തുനികുതി ഇനത്തിലുള്ള തുകയുടെ പിരിവ് 90%ൽ കുറവായതിനാൽ വികസനഫണ്ടിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയിൽ കുറവ് സംഭവിച്ചു. (1% സ്രോതസ്സിൽ കുറവ് ചെയ്തു).

ഗ്രാമപഞ്ചായത്തിൽ രസീതുബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകളുണ്ട്. വിലകൂടിയ സാധനങ്ങൾ ഉപയോഗിച്ച് തറ നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ നിയമാനുസൃതമുള്ള വർദ്ധനവ് വരുത്തുന്നില്ല. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുമ്പോൾ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും, നിർവ്വഹണ ഏജൻസികൾക്കും മുൻകൂർ നൽകുന്നുണ്ടെങ്കിലും ആയത് ക്രമീകരിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് സ്ഥാപനതല നിയന്ത്രണം കുറ്റമറ്റതാക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022 മുതൽ 21.07.2022 വരെ | 07/2021 മുതൽ 03/2022 വരെ | എസ് സി1-3475 തീയതി 14.10.2022 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 15.02.2020 മുതൽ 27.02.2020 വരെ | 2014-15 മുതൽ 2018-19 വരെ | എൽബിഎ (എച്ച്.ക്യു)II/8എ-139/2019-2020/574 തീയതി 17.03.2020 |

**1-11 മാനുവൽ രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ**

2022-23 വർഷം പ്രോജക്റ്റ് നം. 54/23, നം.55/23 എന്നീ പ്രോജക്ടുകൾക്ക് വേണ്ടി കൃഷി ഓഫീസർ മാനുവൽ രസീത് ബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം ഇനത്തിൽ തുക ഈടാക്കുകയും 1,10,000/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതുമാണ്. മാനുവൽ രസീത് ബുക്ക് ഉപയോഗിച്ചതിൽ കാണപ്പെട്ട

അപാകതകൾ ചുവടെ ചേർക്കുന്നു.

1) രസീത് ബുക്ക് നം. 5935, 5938 എന്നിവയിലെ ഭൂരിഭാഗം രസീതുകളുടെയും പകർപ്പ് നൽകേണ്ടതിനു പകരം ഒറിജിനൽ രസീതാണ് ഗുണഭോക്താവിന് നൽകിയിരിയ്ക്കുന്നത്. രണ്ട് ബുക്കിലേയും രസീത് നം.100 ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ സൂക്ഷിച്ചിരിയ്ക്കുന്നു.

2) ചില രസീത് സാക്ഷ്യപ്പെടുത്താതെ നൽകിയിരിയ്ക്കുന്നു.

3) 5939, 5940 എന്നീ രസീത് ബുക്കിലെ രസീതുകൾ One Side Carbon ഉപയോഗിച്ച് രേഖപ്പെടുത്തൽ നടത്തിയിരിയ്ക്കുന്നു.

4) 5941 നം. രസീത് ബുക്കിലെ 89 മുതൽ 100 വരെ രസീതുകൾ ഉപയോഗിക്കുകയോ ക്യാൻസൽ ചെയ്യുകയോ ചെയ്യാതെ സൂക്ഷിച്ചിരിയ്ക്കുന്നു.

രസീതുകൾ കൈകാര്യം ചെയ്യുമ്പോൾ മേൽ അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 വസ്തുനികുതി-90% പിരിവ് ലക്ഷ്യം കൈവരിച്ചില്ല

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കൊണ്ടു വന്ന നിയന്ത്രണം അനുസരിച്ച് വസ്തു നികുതി ഡിമാന്റ് തുകയുടെ 90% പിരിവ് എന്ന ലക്ഷ്യം കൈവരിക്കാൻ സ്ഥാപനങ്ങളുടെ വികസനഫണ്ടിൽ നിന്നും 1% തുക കുറവ് ചെയ്യുന്നു. മണർകാട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം 90% പിരിവ് നടക്കാത്തതിനാൽ 163830/- രൂപ 2022-23 വർഷത്തെ വികസനഫണ്ട് വിഹിതത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം 13.51 കോടി രൂപ വസ്തു നികുതി ഡിമാന്റ് ഉള്ളതിൽ 11.90 കോടി രൂപ മാത്രമാണ് പിരിച്ചെടുത്തത്. നിശ്ചിത പരിധിയായ 90% പിരിവ് എന്ന ലക്ഷ്യം ആർജിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ വാർഡുകളിൽ ദീർഘകാലമായി വസ്തുനികുതി കുടിശികയായവരുടെ വിവരം ചുവടെ ചേർക്കുന്നു.(ഉദാഹരണങ്ങൾ)

| ക്രമ നം | കെട്ടിട ഉടമയുടെ പേരും വിലാസവും | കുടിശിക തുക |
|---|---|---|
| 1 | റിലയൻസ് ഇൻഫ്രാടെൽ 2/139C | 22753 |
| 2 | റിലയൻസ് ഇൻഫ്രാടെൽ 13/145 | 22246 |
| 3 | കെ വി ആന്ത്രയോസ് കുന്നം പള്ളിൽ8/173 | 13728 |
| 4 | പി സി ഷാജി10/128 | 12136 |
| 5 | പി സി റജി 10/215 | 6583 |
| 6 | കുര്യൻ മാത്യു 10/254 | 11680 |
| 7 | ആലീസ് എബ്രഹാം 13/417A1 | 20048 |
| 8 | ആലീസ് എബ്രഹാം 13/417C | 15244 |
| 9 | റ്റി എം മാത്യു 15/56A | 44110 |
| 10 | അന്ന ജോൺ 15/200 | 12504 |
| 11 | ജേക്കബ് റ്റി മാണി 15/389A | 23120 |

ദീർഘകാലമായി തുടർച്ചയായി വസ്തുനികുതി കുടിശ്ശികയാക്കിയ നികുതിദായകർക്കെതിരെ 1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമുള്ള അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് (ചട്ടം 14, 15, 16 മുതലായവ കാണുക).

വസ്തു നികുതി പിരിവ് ഊർജിതമാക്കിയും ദീർഘകാല കുടിശിക ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിച്ചും പ്രഖ്യാപിത ലക്ഷ്യം കൈവരിക്കേണ്ടതും സർക്കാർ ധനസഹായം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-13 വില കൂടിയ സാധനങ്ങൾ ഉപയോഗിച്ച് തറനിർമ്മാണം-അടിസ്ഥാന നികുതിയിൽ നിയമാനുസൃതമുള്ള വർദ്ധനവ് വരുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 പ്രകാരം 250 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവ ഉപയോഗിച്ചുള്ള തറ നിർമ്മിതിയാണെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ താഴെ പട്ടികയിൽ വിവരിക്കുന്ന താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പരുകൾ നല്കി 250 ച മീ ൽ കുറവുള്ള കെട്ടിടങ്ങളായി പരിഗണിക്കുകയും വർദ്ധനവ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വസ്തു ഉടമയുടെ പേര് വിലാസം | വാർഡ് കെട്ടിട നമ്പർ | തറവിസ്തീർണ്ണം | അടിസ്ഥന നികുതി | അടിസ്ഥന നികുതിയിലുണ്ടായ കുറവ് |
|---|---|---|---|---|---|
| 1 | ബിജോ എബ്രഹാം വേങ്ങക്കൽ | VII/ 348 A&B | GF-168.83<br>FF- 98.45<br>ആകെ-267.28 | 1603.68 | 240.55 |
| 2 | ബിജു ഫിലിപ്പ് ജോൺ, പടിയറ | VIII/213A&B | GF-175.22<br>FF- 156.10<br>ആകെ-331.32 | 1987.92 | 298.18 |

അടിസ്ഥാന നികുതിയിലുണ്ടാകുന്ന കുറവിന് അനുസൃതമായി തുടർ നികുതി പരിഷ്കരണങ്ങളിലും കുറവ് വരുന്നതിനും പഞ്ചായത്തിന് ദീർഘകാലത്തേക്ക് ആവർത്തന സാമ്പത്തിക നഷ്ടം വരുത്തുന്നതുമാണ്. മേൽ അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 15/13-11-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ വർദ്ധനവ് പ്രാബല്യത്തിൽ വരുത്താൻ കഴിയുന്നില്ല എന്ന മറുപടി നല്കി. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട നികുതി പൂർണ്ണമായും ഈടാക്കാൻ കഴിയും വിധം ഐകെഎം സഹായത്തോടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ഓഫീസ് മേധാവി ഹാജരാക്കിയ അർദ്ധവാർഷികശമ്പള സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ചട്ടത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | ഓഫീസ് മേധാവി ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അർദ്ധവർഷത്തെ ആകെ ശമ്പളം | അർദ്ധവർഷം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|---|---|
| 1 | ഗവ.ആയുർവേദം, മണർകാട് | ലൈസമ്മ എബ്രഹാം, പി.റ്റി.എസ്. | 106464 | 1 | 750 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ക്രൌൺ ഇന്റർനാഷണൽ ഡന്റൽ ലാബ് | അഭിനേഷ് സുകുമാരൻ, സെറാമിക് ടെക്നീഷ്യൻ | 15000x6=90000 | 2 | 120 | 750 | 630 |
| 3 | ” | ജിബിൻ സ്കറിയ, മെറ്റൽ ടെക്നീഷ്യൻ | 12000x6=72000 | 2 | 120 | 600 | 480 |
| 4 | ” | ചാർളി അനീഷ്, സെറാമിക് ടെക്നീഷ്യൻ | 15000x6=90000 | 2 | 120 | 750 | 630 |
| 5 | ” | വിഷ്ണു കെ.എച്ച്., അക്കൗണ്ടന്റ് | 17000x6=102000 | 2 | 120 | 1000 | 880 |
| 6 | പാരഗൺ പോളിമെർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, മണർകാട് | ഹർഷൽ ശേഖർ, ഗ്രാഫിക് ഡിസൈനർ | 136320 | 1 | 600 | 1250 | 650 |
| 7 | ” | മോനു കുമാർ സാഫി, സ്റ്റിച്ചർ | 217736 | 1 | 1000 | 1250 | 250 |
| 8 | ” | വർഗീസ് മാത്യു കോർഡിനേറ്റർ, | 107969 | 1 | 600 | 1000 | 400 |

തൊഴിൽ നികുതിയിനത്തിൽ തുക കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6/10.11.2023 ന് മറുപടി ലഭ്യമാക്കിയില്ല. അർദ്ധവാർഷിക വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച ഉണ്ടായത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ ഭാഗത്ത് നിന്നുള്ള അശ്രദ്ധയും മേൽനോട്ട പിശകും മൂലമാണ്.

അർദ്ധവാർഷിക ശമ്പളത്തിന് ആനുപാതികമായ തുകയാണ് തൊഴിൽനികുതിയായി അതാത് സ്ഥാപനങ്ങൾ അടയ്ക്കുന്നതെന്ന് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കേണ്ടതും കുറവായി ഈടാക്കിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ഓഫീസ് മേധാവി ഹാജരാക്കിയ അർദ്ധവാർഷികശമ്പള സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ബി.എസ്.എൻ.എൽ ഓഫീസ്, മണർകാട് (1,2 അർദ്ധവർഷങ്ങൾ)
2. കെ.എസ്.ഇ.ബി, മണർകാട് (1,2 അർദ്ധവർഷങ്ങൾ)
3. സപ്ലൈകോ സൂപ്പർമാർക്കറ്റ് (ഒന്നാം അർദ്ധവർഷം)
4. വില്ലേജ് ഓഫീസ്, മണർകാട് ( രണ്ടാം അർദ്ധവർഷം)
5. വിജയപുരം സർവീസ് കോ ഓപ്പറേറ്റീവ് (രണ്ടാം അർദ്ധവർഷം)
6. കേരള ഗ്രാമീൺ ബാങ്ക് (രണ്ടാം അർദ്ധവർഷം)

7. ഫെഡറൽ ബാങ്ക്, മണർകാട് (1,2 അർദ്ധവർഷങ്ങൾ)

8. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ((1,2 അർദ്ധവർഷങ്ങൾ)

9. ആക്സിസ് ബാങ്ക് (1,2 അർദ്ധവർഷങ്ങൾ)

10. ഫ്രഷ് & കൂൾ ഹൈപ്പർ മാർക്കറ്റ് (1,2 അർദ്ധവർഷങ്ങൾ)

11. പ്രവീൺ ഡെന്റൽ ക്ലിനിക്ക്, (1,2 അർദ്ധവർഷങ്ങൾ)

12. കേരള വാട്ടർ അതോറിറ്റി (2 അർദ്ധവർഷങ്ങൾ)

13. മെർലിൻ റസിഡൻസി (1,2 അർദ്ധവർഷങ്ങൾ)

മേൽ ചേർത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നിലവിൽ 2022-23 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിയ്ക്കണമെന്ന് ആവശ്യപ്പെട്ട് 7/10.11.23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഇത്രയധികം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിയാത്തത് ഇത് സംബന്ധമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ച വെളിവാക്കുന്നു.
ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-16 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല**

പഞ്ചായത്തിൽ നിന്നും കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം/സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ തരം | മൂലധനനിക്ഷേപം (ഉടമയുടെ അപേക്ഷ പ്രകാരം) | ഈടാക്കിയ ഫീസ് | പട്ടിക II പ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | ആൻസി ജോസഫ്, ചെറുകുന്നേൽ, കോട്ടയം | പാരഗൺ പോളിമർ പ്രോഡക്ട്സ് പ്രൈ.ലി. ഉത്പാദനമേഖല (കാറ്റഗറി – Small Enterprises) | 1,63,31,332/- | 1000 | 5000 |

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/14.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.
മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-17 അധിക വിഭവ സമാഹരണം**

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി, മറ്റു വരവിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. സ.ഉ.(കൈ) നം.77/2023/

എൽ.എസ്.ജി.ഡി തീയതി 22.3.23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് 27.04.2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം അന്തിമമാക്കി തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പഴയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്.

ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി 18.09.2023 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 542 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 286 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1866ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ലൈബ്രറിയുണ്ട്. 2022-23 വർഷം ലൈബ്രറി ഇനത്തിൽ വരവില്ല.

ലേലം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം വരവില്ല. നികുതിയേതര ഇനങ്ങളിലുള്ള വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടതാണ്. വിവിധയിനം ഫീസുകൾ സംബന്ധിച്ച നിരക്ക് നിയമപരമായി പ്രാബല്യത്തിൽ വരുത്തുന്നതിനാവശ്യമായ ബൈലൊ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ സ്വാഭാവികമായ നികുതി/നികുതിയേതര വരുമാന സ്രോതസ്സുകൾ താരതമ്യേന കുടുതലാകയാൽ ധനകാര്യ പ്രതിസന്ധി നേരിടുന്നില്ലെങ്കിലും സാധ്യതയ്ക്ക് അനുസരിച്ചുള്ള വിഭവസമാഹരണത്തിൽ വിജയിച്ചിട്ടില്ല.

**1-18 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല**

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ 2580878 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. 2022-23 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകകൾ ചുവടെ ചേർക്കുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 320700104 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം (മൂലധനചെലവ്) | 625127 |
| 320700204 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം (റവന്യൂചെലവ്) | 932449 |
| 320700205 | സംയുക്ത പ്രോജക്ടുകൾക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം | 10,00,000 |

| | | |
|---|---|---|
| | (റവന്യൂചെലവ്) | |
| 320700404 | സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം (റവന്യൂചെലവ്) | 23302 |
| | ആകെ | 2580878 |

2580878/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ തീ 27.1.2017ന്റെ ലംഘനമാണ്. മേൽ പരാമർശിച്ച തുക ലഭിച്ച വർഷം, ഉദ്ദേശ്യം, തുക ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/9.11.23) മറുപടിയായി സംയുക്ത പ്രോജക്ടുകൾക്കായി എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള 2374765/- രൂപ തിരികെ സർക്കാരിലേയ്ക്ക് അടവാക്കുന്നതാണെന്നും, 206113/- രൂപ വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക ക്രമീകരിക്കാനുള്ളതാണെന്നും അറിയിച്ചു. വിവിധങ്ങളായ സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭ്യമായ വിഹിതം സമയബന്ധിതമായി വിനിയോഗിക്കാൻ കഴിയാത്തത് മൂലം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടി വരുന്ന സാഹചര്യം ആശാസ്യമല്ല. സർക്കാരിലേയ്ക്ക് അടയ്ക്കാനുള്ള തുക അടവാക്കിയും,ക്രമീകരിക്കാനുള്ള തുക ക്രമീകരിച്ചും വിവരം അറിയിക്കേണ്ടതാണ്.

## 1-19 മുൻകൂറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുകകളുടെ വിശദാംശങ്ങൾ, ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460100101 | ഫെസ്റ്റിവൽ അഡ്വാൻസ് | 3000 |
| 460500201 | നിർവ്വഹണ ഏജൻസിയ്ക്കുള്ള മുൻകൂർ-വാട്ടർ അതോറിറ്റിയിൽ നിക്ഷേപം | 3866600 |
| 460500202 | നിർവ്വഹണ ഏജൻസിയ്ക്കുള്ള മുൻകൂർ-ഇലക്ട്രിസിറ്റി ബോർഡ് | 3107440 |
| 460500405 | സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് മുൻകൂർ | 300000 |
| 460500501 | നിർവ്വഹണോദ്യോഗസ്ഥർക്ക് മുൻകൂർ | 1557521 |
| 460500601 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ | 9098 |
| 460500801 | എം.ജി.എൻ. ആർ..ഇ.ജി.എസിന് മുൻകൂർ | 738269 |
| 460509901 | മറ്റുള്ളവർക്ക് മുൻകൂർ | 2557514 |
| | ആകെ | 12139442 |

മുൻകൂറിന്റെ മുന്നിരിപ്പ്, 2022-23വർഷത്തെ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചേർത്ത് മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻകൂറുകളും ഡെപ്പോസിറ്റ് പ്രവൃത്തികളും കൃത്യമായ ക്രമീകരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഏത് കാലയളിവിലേതാണ് എന്നോ പ്രോജക്ടുകൾ പൂർത്തിയായി ക്രമീകരിക്കാൻ അവശേഷിക്കുന്നതാണോ എന്നതിൽ വ്യക്തതയില്ല. ടി തുകകളുടെ വിശദാംശങ്ങൾ, ക്രമീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (5/10.11.23) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ നൽകുന്നതിലും ക്രമീകരണത്തിലും കൃത്യമായ രേഖകൾ സൂക്ഷിക്കാതിരുന്നതിനാൽ ഇടപാടുകളുടെ ആധികാരികതയിലും അവ്യക്തത നിലനിൽക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

## 1-20 സ്യൂട്ട് രജിസ്റ്റർ - കൃത്യമായി രേഖപ്പെടുത്തൽ വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് കക്ഷിയായ വിവിധ കേസുകൾ സംബന്ധിച്ച വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ യഥാവിധി

രേഖപ്പെടുത്തുന്നില്ല. 2022-23 വർഷം വക്കീൽ ഫീസിനത്തിൽ ആകെ 112000/- രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസുകൾ തീർപ്പാക്കുന്നതിനെ തുടർന്ന് വക്കീൽ ഫീസ് അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ഫീസിനത്തിൽ ഇരട്ടിപ്പ് വരുവാൻ സാധ്യതയുണ്ട്. കേസുകളുടെ നിലവിലെ അവസ്ഥ നിരിക്ഷിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സ്യൂട്ട് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതാണ്.

**1-21 ഗാർഹിക മാലിന്യസംസ്കരണം- ജി-ബിൻ വിതരണം - ജി.എസ്.ടി സ്രോതസ്സിൽ കുറവുചെയ്തില്ല**

| പ്രോജക്ട് നമ്പർ/ പേര് | | 186/23 ജി-ബിൻ വിതരണം | 162/23 ഗാർഹിക മാലിന്യസംസ്കരണ ഉപാധി നൽകൽ |
|---|---|---|---|
| നിർവഹണോദ്യോഗസ്ഥൻ | | വി.ഇ.ഒ | വി.ഇ.ഒ |
| അടങ്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1736600 | 617403 |
| | ഗുണഭോക്തൃവിഹിതം | 193070 | 68601 |
| | തനത് ഫണ്ട് | 1030 | |
| ചെലവ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1552122 | 613899 |
| | ഗുണഭോക്തൃവിഹിതം | - | - |

ഗാർഹിക മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് ജി-ബിൻ വിതരണം നൽകുന്നതിനു തയ്യാറാക്കിയ പ്രോജക്ടുകൾ പ്രകാരം ഈനാട് യുവജന കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വെളിയന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് 561 ജി-ബിനുകൾ 4290/-രൂപ നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ബിനുകൾ | 561 |
| ബിനുകളുടെ ആകെ വില @4290 | 2406690 |
| ഗുണഭോക്തൃ വിഹിതം | 240669 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 2166021 |
| ഐ.റ്റി. | 43079 |
| ഏജൻസിയ്ക്ക് നൽകിയത് | 2122942 |

ബിനുകളുടെ വിലയിനത്തിൽ ആകെ 2122942/-രൂപ സ്ഥാപനത്തിന് കൈമാറുകയും ആദായനികുതിയിനത്തിൽ നിരക്കിൽ 43079/- രൂപ കുറവുചെയ്തെങ്കിലും 2%നിരക്കിൽ ജി.എസ്.ടി സ്രോതസ്സിൽ കുറവുചെയ്തിരുന്നില്ല. കൂടാതെ, വ്യക്തിഗത ഗുണഭോക്താക്കളിൽ നിന്ന് ബിനുകളുടെ വിലയിനത്തിൽ 10% നിരക്കിൽ ഗുണഭോക്തൃവിഹിതം പിരിച്ചുവെങ്കിലും ആയത് തൻവർഷം സ്ഥാപനത്തിന് കൈമാറിയിട്ടില്ല.

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 9/10.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത സ്ഥാപനം ജി.എസ്.ടി ഇനത്തിൽ സർക്കാരിലേയ്ക്ക് തുക പൂർണ്ണമായി ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ, വാർഡ് തലത്തിൽ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി ഉപയോഗരീതികളും പരിപാലനരീതികളും ഡെമോ സഹിതം വിശദീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് ഗുണഭോക്തൃവിഹിതം ഒടുക്കാൻ താമസിച്ചതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ബില്ലുകളിൽനിന്ന് സർക്കാരിലേയ്ക്കുള്ള നികുതികൾ നിയമാനുസൃതമായി കുറവുവരുത്തുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

**1-22 ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.**

ഭവനപുനരുദ്ധാരണത്തിന് രണ്ടുഗഡുക്കളായി ജനറൽ വിഭാഗത്തിന് 50000/- രൂപ വീതവും പട്ടികജാതി വിഭാഗത്തിന് 100000/- രൂപ വീതവും ഗ്രാമപഞ്ചായത്തിൽനിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം

ഭവനപുനരുദ്ധാരണത്തിന് മുൻഗഡു/ആദ്യഗഡു കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | വിഭാഗം | അനുവദിച്ച ധനസഹായം (രൂപ) | ആദ്യഗഡു ധനസഹായം അനുവദിച്ച തീയതി |
|---|---|---|---|---|
| 1 | ശ്രീ.സണ്ണി മാത്യു, തെക്കേക്കുറ്റ്, അരീപ്പറമ്പ് | ജനറൽ | 25000 | 22.12.2022 |
| 2 | ശ്രീമതി.ലീലാമ്മ അനിൽ, കരേടത്ത് | ജനറൽ | 25000 | 6.1.2023 |
| 3 | ശ്രീ.ദാനിയൽ ചാക്കോ, നരിവേലിതുരുത്തേൽ | ജനറൽ | 25000 | 6.1.2023 |
| 4 | ശ്രീമതി സാലി ഐപ്പ്, പാറയ്ക്കൽ | ജനറൽ | 25000 | 6.1.2023 |
| 5 | ശ്രീ.ഷിജോമോൻ.പി.കെ, പീടികപ്പറമ്പിൽ | എസ്.സി | 50000 | 24.2.2023 |

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 11/13.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ഹാജരാക്കിയില്ല. ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവനനിർമ്മാണപദ്ധതി - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ലൈഫ് ഭവനനിർമ്മാണപദ്ധതിയുടെ ഏതാനും ഗുണഭോക്താക്കൾ വിവിധ ഗഡുക്കളിലായി ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | വിഭാഗം | നാളിതുവരെ കൈപ്പറ്റിയ ആകെ ധനസഹായം |
|---|---|---|---|
| 1. | ശ്രീ.ജലേഷ് ശങ്കർ, പാറച്ചിറയിൽ, തിരുവഞ്ചൂർ | എസ്.സി | 200000 |
| 2. | ശ്രീ.സതീഷ്കുമാർ.കെ.എൻ, അനിഴം വീട്, അരീപ്പറമ്പ് | എസ്.സി | 360000 |
| 3. | ശ്രീമതി.സുജ.കെ.ബിജു, കുന്നുംപുറത്ത്, മാലം | എസ്.സി | 40000 |
| 4. | ശ്രീ.ജയൻ.കെ.ബി, കുഴിയൻകാലായിൽ, പാറമ്പുഴ | എസ്.സി | 200000 |
| 5. | ശ്രീ.ബിജു കൃഷ്ണൻ, വെട്ടുവേലിൽ, പറമ്പുകര | എസ്.സി | 200000 |
| 6. | ശ്രീ.ജോമാൻ.കെ.ആർ, കടായിൽ, തിരുവഞ്ചൂർ | എസ്.സി | 300000 |
| 7. | ശ്രീ.എം.എം.രാജേന്ദ്രൻ, പുതുപ്പറമ്പിൽ | എസ്.സി | 300000 |
| 8. | ശ്രീ.ജയൻ.കെ.ഐ, കളപ്പുരയ്ക്കൽ, പാറമ്പുഴ | എസ്.സി | 300000 |
| 9. | ശ്രീമതി.രമ.രാജു, മംഗലശ്ശേരിയിൽ | എസ്.സി | 300000 |
| 10. | ശ്രീ.പ്രദീപ്.വി.എസ്, വടകരമറ്റത്തിൽ | എസ്.സി | 140000 |
| 11. | ശ്രീമതി.ഓമന.കെ.കെ, തെക്കേപ്പറമ്പിൽ | എസ്.സി | 200000 |

| | | | |
|---|---|---|---|
| 12. | ശ്രീമതി.ലൈസമ്മ സന്തോഷ്, പുളിക്കപ്പറമ്പിൽ, തിരുവമ്പൂർ | എസ്.സി | 140000 |
| 13. | ശ്രീമതി.മായാമോൾ.എം.എം, മേലാട്ടുകുന്നേൽ, മണർകാട് | എസ്.ടി | 200000 |
| 14. | ശ്രീമതി.സുപ്രഭ മഹേഷ്, മേലാട്ടുകുന്നേൽ, മണർകാട് | എസ്.ടി | 200000 |
| 15. | ശ്രീമതി.ലില്ലിക്കുട്ടി, മുളക്കുഴ, അരീപ്പറമ്പ് | ജനറൽ | 360000 |
| 16. | ശ്രീമതി.ഓമന അപ്പു, വാതല്ലൂർതെക്കേതിൽ | ജനറൽ | 300000 |
| 17. | ശ്രീമതി.രമണി ദേവദാസ്, കുന്നത്തുചിറ, മണർകാട് | ജനറൽ | 360000 |
| 18. | ശ്രീമതി.ഗീത റെജിൽ, ആലങ്ങത്ത്, അരീപ്പറമ്പ് | ജനറൽ | 360000 |
| 19. | ശ്രീമതി.വേലു കരുണാകരൻ, തലപ്പാലിൽതുരുത്തേൽ | ജനറൽ | 360000 |
| 20. | ശ്രീമതി.അനിത ഉണ്ണിക്യഷ്ണൻ, കൃഷ്ണവിലാസം | ജനറൽ | 300000 |
| 21. | ശ്രീമതി.പ്രഭ രാജു, കിഴക്കേവാലയിൽ, തിരുവമ്പൂർ | ജനറൽ | 200000 |
| 22. | ശ്രീമതി.കാർത്യായനി.എം.എൻ, ദീപ്തി ഭവൻ | ജനറൽ | 40000 |
| 23. | ശ്രീ.ഔസേഫ് ഔസേഫ്, ചേലക്കുന്നേൽ, മാലം | ജനറൽ | 360000 |
| 24. | ശ്രീമതി.കെ.കെ.രാജമ്മ, വലിയപാറയിൽ, അരീപ്പറമ്പ് | ജനറൽ | 360000 |
| 25. | ശ്രീ.ജോസഫ് ജോൺ, ചെറുകുന്നേൽ, തിരുവമ്പൂർ | ജനറൽ | 360000 |
| 26. | ശ്രീമതി.കുഞ്ഞൂഞ്ഞമ്മ, ഇല്ലിയേടത്ത്, തിരുവമ്പൂർ | ജനറൽ | 360000 |

ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 12/13.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-24 ലൈഫ് മിഷൻ - സ്ഥലം വാങ്ങൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചില്ല

ലൈഫ് മിഷന്റെ ഭാഗമായി 2022-23 വർഷം സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നാളിതുവരെ ധനസഹായം അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരങ്ങൾ | സ്ഥലം വാങ്ങുന്നതിന് നൽകിയ ധനസഹായം (രൂപ) | തീയതി |
|---|---|---|---|
| 1. | ശ്രീമതി.റോസമ്മ മർക്കോസ്, കൊച്ചിടപ്പള്ളിൽ, അരീപ്പറമ്പ് | 200000 | 3.2.2023 |
| 2. | ശ്രീ.പി.വി.ഓമന, ശിവരഞ്ജിനി, അരീപ്പറമ്പ് | 200000 | 28.3.2023 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 13/13.11.2023 നമ്പരായി ഓഡിറ്റ് എൻക്വയറി

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് തുക അനുവദിച്ച് സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 കന്നുകുട്ടി പരിപാലനം തുടർ നടപടി വിവരവും നിക്ഷേപിക്കപ്പെട്ട തുകയുടെ വിനിയോഗവിവരവും ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 60/23, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹3,12,500/-<br>വികസന ഫണ്ട് പൊതുവിഭാഗം<br>312500/- (മറ്റുള്ളവ) |
| ചെലവ് | ₹3,12,500/- |
| ബിൽ നം./<br>തീയതി | 05/06.01.2023 -₹3,12,500/- |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 25 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കന്നുകുട്ടി പരിപാലനം" എന്ന പ്രോജക്ടിനായി വികസനഫണ്ട് (പൊതുവിഭാഗം) -ൽ നിന്നും 3,12,500/- രൂപ പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ ആറ് മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷുർ ചെയ്ത് അവയുടെ പ്രസവം വരെയോ, സബ്സിഡി അവസാനിക്കുന്നതു വരെയോ 50% സബ്സിഡി നിരക്കിൽ എല്ലാമാസവും കാലിത്തീറ്റ നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും സബ്സിഡി ഇനത്തിൽ 12500/- രൂപയാണ് പരമാവധി അനുവദിക്കുന്ന തുക. (ആകെ ഗുണഭോക്താക്കൾ – 25).

പദ്ധതിയിലുൾപ്പെട്ട ശ്രീമതി അന്നമ്മ ഷിബുമോൻ, മുക്കാലിത്തറ എന്ന ഗുണഭോക്താവിന്റെ കിടാരികൾ ചത്തുപോയിട്ടുള്ളതായാണ് രേഖകൾ പരിശോധിച്ചതിൽ മനസ്സിലാകുന്നത്. ഇവരുടെ കിടാരിക്ക് നാളിതുവരെ 4010/- രൂപയുടെ കാലിത്തീറ്റ സബ്സിഡിയായി നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് വേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയിൽ ആകെ ചെലവഴിച്ചിട്ടുള്ള 4010/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 8490/- രൂപ തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനായും ഗുണഭോക്താവിന് ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനായും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം.1/9.11.23 ന് മറുപടിയായി ഗുണഭോക്താവ് കിടാരി ചത്തുപോയവിവരം അറിയിച്ച് പോസ്റ്റ്മാർട്ടം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നറിയിച്ചു. കൂടാതെ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച് കത്തു നല്കിയതായും മറുപടി നൽകി. തുക തിരികെ അടവാക്കുകയോ ക്രമീകരിക്കുകയോ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-26 പൊതുടാപ്പ് - പ്രവർത്തനക്ഷമമല്ലാത്തവയുടെ വെള്ളക്കരം ഒടുക്കുന്നത് മൂലം പാഴ്ച്ചെലവ്

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 100/23 പൊതുടാപ്പ് വെള്ളക്കരം (വാട്ടർ അതോറിറ്റി) എന്ന പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 235860/- രൂപയും തനത് ഫണ്ടിൽ നിന്നും 393100/- രൂപയും ഉൾപ്പെടെ ആകെ 628960/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 163 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലാണ് തുക ഒടുക്കുന്നത്. പ്രതിമാസം 78620/- രൂപ നിരക്കിലാണ് ബിൽ ലഭിക്കുന്നത്.

2022 ഡിസംബർ മാസത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഡിമാന്റ് നോട്ടീസിൽ നവംബർ 2022 വരെയുള്ള കുടിശിക 888120/-രൂപയും, ഫൈനിനത്തിൽ 17390/- രൂപയും, തൻമാസത്തെ വാട്ടർ ചാർജിനത്തിൽ 78620/- രൂപയുമുൾപ്പെടെ 984130/- രൂപ അടവാക്കാനാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻ മാസത്തെ വാട്ടർ ചാർജ് മാത്രമാണ് അടവാക്കിയിട്ടുള്ളത്.

08.08.2022ലെ 21(2)നമ്പർ കമ്മറ്റി തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ സ്ട്രീറ്റ് ടാപ്പുകളിൽ ഭൂരിഭാഗവും ഉപയോഗരഹിതമാണെന്നും ജൽജീവൻമിഷൻ പദ്ധതിയിലൂടെ എല്ലാവീട്ടിലും പൈപ്പ് കണക്ഷൻ

ലഭിക്കുന്നതിനാൽ സ്ട്രീറ്റ് ടാപ്പുകൾ ആവശ്യമില്ലായെന്നും ജനങ്ങൾക്ക് നിലവിൽ പൊതുടാപ്പുകളെ ആശ്രയിക്കേണ്ട അവസ്ഥയില്ലെന്നും കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഓരോ വാർഡിലും വാട്ടർ അതോറിറ്റി പൊതുടാപ്പുകൾ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിനും, ഉപയോഗ ശൂന്യമായ ടാപ്പുകൾ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കണമെന്നും കമ്മിറ്റി വിലയിരുത്തി. ആയതു സംബന്ധിച്ച് റിപ്പോർട്ട് വാർഡ് തലത്തിൽ തയ്യാറാക്കുന്നതിന് മെമ്പർമാരെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിലെ 10, 12 & 14 വാർഡുകളിലെ 5 പൊതുടാപ്പുകൾ ഒഴികെ എല്ലാടാപ്പുകളും ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു.(7.10.22/3(1)).

ഇപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും എത്ര പൊതുടാപ്പുകൾ നിലവിൽ പ്രവർത്തനക്ഷമമാണെന്നത് സംബന്ധിച്ച് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/12.11.23) മറുപടിയായി 5 ടാപ്പുകൾ മാത്രം നിലനിർത്തി ബാക്കിയുള്ളവ ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും ടി വിഷയം ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പഞ്ചായത്ത് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഇക്കാര്യത്തിലുള്ള നടപടികൾ പൂർത്തിയാക്കുന്നതിൽ കാലവിളംബം ഉണ്ടാകുന്നത് മൂലം ടിയിനത്തിലുള്ള പാഴ്ചെലവ് തുടരുന്ന സാഹചര്യമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം മുൻനിർത്തി നടപടികൾ എത്രയും വേഗം പൂർത്തിയാക്കി പാഴ്ചെലവ് ഒഴിവാക്കേണ്ടതാണ്.

**1-27 അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണം- പ്രത്യേക ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച**

ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണത്തിനായി 2014-15 വർഷം സർക്കാർ ഉത്തരവ് നം.5880/2014/ആർഡി തീയതി 26.11.2014 പ്രകാരം റവന്യൂ ദേവസ്വം വകുപ്പിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.185/2014/ആർ തീയതി 09.05.2014ലെ നിർദ്ദേശപ്രകാരം ട്രഷറിയിൽ പുതിയ അക്കൗണ്ട് ആരംഭിച്ച് ടി തുക 2014-15 വർഷം തന്നെ പിൻവലിച്ച് അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. നാളിതുവരെ പ്രസ്തുത പ്രവൃത്തിയ്ക്കായി 592967 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശപ്രകാരം തുക ചെലവഴിക്കേണ്ടതും പദ്ധതി പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവി വിലയിരുത്തി വിനിയോഗസർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമായിരുന്നു. ഈ പ്രവൃത്തിയുടെ ഭരണാനുമതി കാലയളവ് മാർച്ച് 2023 വരെയായിരുന്നു. ഭരണാനുമതി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുവാൻ ക്ഷേത്രക്കുളം പുനരുദ്ധാരണകമ്മിറ്റി കൺവീനർ ശ്രീ.ബിജുമോൻ കെ. ബഹു.സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി മുഖേന ദേവസ്വം വകുപ്പ് മന്ത്രിയ്ക്ക് 25.6.2023 ൽ അപേക്ഷ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ ടി ക്ഷേത്രക്കുളം പുനരുദ്ധാരണത്തിനായി എത്ര തുക നൽകിയെന്നും, ടി പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും, ഇനി എത്തുമാത്രം പ്രവൃത്തി അവശേഷിക്കുന്നുവെന്നുമുള്ള വിവരം സഹിതം നിവേദനത്തിലെ ആവശ്യം പരിഗണിക്കേണ്ടതുണ്ടോയെന്നും സംബന്ധിച്ച് വ്യക്തമായ അഭിപ്രായം ലഭ്യമാക്കുവാൻ സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.(19.10.23 ലെ DEV-A3/130/2023-REV). ഭരണാനുമതി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/13.11.23) മറുപടിയായി ടി കത്തിലെ പരാമർശം സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ടി കത്ത് സമർപ്പിച്ച് തീരുമാനം സഹിതം സർക്കാരിലേയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചു. സർക്കാരിൽ നിന്നും പ്രത്യേക ഗ്രാന്റായി ലഭിച്ച തുക ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിനായി പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ ഒട്ടുംതന്നെ ആശാസ്യമല്ല. ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-28 റർബൻ മിഷൻ - അനുമതി ഇല്ലാതെ പ്രോജക്ട് ഏറ്റെടുത്തു - തനതു ഫണ്ടിൽ നിന്നും അധികച്ചെലവ്**

2018-19 വർഷം കേന്ദ്രസർക്കാരിന്റെ റൂറൽ മന്ത്രാലയത്തിന് കീഴിൽ ശ്യാമപ്രസാദ് മുഖർജി റർബൻ മിഷനിൽ മണർകാട് ഗ്രാമപഞ്ചായത്തിനെ ക്ലസ്റ്ററായി ഉൾപ്പെടുത്തുകയും റോഡ്/ഡ്രയിനേജ് വികസനത്തിന് മാത്രമായി 1.9 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. DPR പ്രകാരമുള്ള 31 പ്രവൃത്തികൾക്ക് പുറമേ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് 17 പ്രവൃത്തികളും പഞ്ചായത്ത് അധികമായി ഏറ്റെടുത്തു. ഇതിൽ 2 പ്രവൃത്തികൾ ഒഴികെയുള്ളവയ്ക്ക് റർബൻ മിഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക നല്കിയിരുന്നു. പി എ യു പ്രോജക്ട് ഡയറക്ടറുടെ 17-9-22 തീയതിയിലെ എ6-1255/18 നമ്പർ കത്ത് പ്രകാരം DPR പ്രകാരമുള്ള 31 പ്രവൃത്തികൾക്ക് മാത്രമാണ് അംഗീകാരം ഉള്ളതെന്നും 15 പ്രവൃത്തികൾക്ക് അനുമതി ഇല്ലാതെയാണ് തുക ചെലവഴിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക നല്കാതിരുന്ന താഴെ പറയുന്ന 2 പ്രവൃത്തികൾ ഫണ്ടിംഗ് ഏജൻസിയുടെ അനുമതി ഇല്ലാതെയാണ് പഞ്ചായത്ത് ഏറ്റെടുത്തതെന്ന് കാണുന്നു. കൂടാതെ ഈ പ്രവൃത്തികൾക്ക് തുക നല്കുന്നതിന് മുൻപ് തന്നെ തുക പൂർണ്ണമായും ചെലവഴിച്ചതായി പഞ്ചായത്ത് സെക്രട്ടറി റർബൻ മിഷന് സാക്ഷ്യപത്രം നല്കുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | കരാറുകാരൻ | ബിൽ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | തെങ്ങുംതുരുത്തേൽപ്പടി-പൈനുംകൽപ്പടി റോഡ് – 170/22-23 | രാജൻ വർഗ്ഗീസ് | 215214 | 5118975/25-1-23(ട്രഷറി) |
| 2 | Xii-ാം വാർഡിലെ വിവിധ നടപ്പാത കോൺക്രീറ്റിംഗ് - 171/22-23 | ബേബി കുര്യാക്കോസ് | 200645 | 5118977/25-1-23(ട്രഷറി) |
| | ആകെ | | 415859 | |

2019 ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടും തുക ലഭിക്കാതിരുന്നതിനെ തുടർന്ന് കരാറുകാർ ബഹു.ഓംബുഡ്സ്മാനെ സമീപിക്കുകയും കരാറുകാർക്ക് തുക നല്കാൻ വിധിയാകുകയും ചെയ്തിരുന്നു. തുടർന്ന് തനത് ഫണ്ടിൽ നിന്നും കരാറുകാർക്ക് തുക നല്കിയിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ജാഗ്രത കുറവ് തെറ്റായ വിവരങ്ങൾ ഫണ്ടിംഗ് ഏജൻസിക്ക് നല്കുന്നതിനും തന്മൂലം കേന്ദ്രഫണ്ട് ഉപയോഗിക്കാമായിരുന്ന പദ്ധതിക്ക് തനത് ഫണ്ട് 415859/- രൂപ ചെലവഴിക്കേണ്ട സാഹചര്യത്തിന് ഇടയാക്കുകയും ചെയ്തു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 4/10-11-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. കേന്ദ്രസർക്കാരിന്റെ പ്രത്യേക മിഷൻ പ്രകാരം ലഭ്യമായ തുക ഇപ്രകാരം ഡിപിആർ-ൽ ഉൾപ്പെടാത്ത പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. ഇത് സംബന്ധമായി ഭാവിയിൽ തനത് ഫണ്ടിൽ നിന്നും തുക തിരികെ ഒടുക്കേണ്ട സാഹചര്യം സംജാതമായാൽ ബന്ധപ്പെട്ട കാലയളവിലെ അധികൃതർ ഇക്കാര്യത്തിൽ ബാധ്യസ്ഥരാവുന്നതാണ്. റർബൻ മിഷൻ പ്രോജക്ടുകൾക്കായി ഓരോ മേഖലയിലും വകയിരുത്തിയ തുക, വിഹിതങ്ങൾ (ഇനം തിരിച്ച്) റിലീസ് ചെയ്യപ്പെട്ട തുക, ഓരോ മേഖലയിലും വിനിയോഗിച്ച തുക, ആർജിച്ച ഭൗതീകനേട്ടങ്ങൾ ഇത്യാദി വിവരങ്ങൾ ക്രോഡീകിച്ചിട്ടില്ല. വിശദാംശങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-29 ഇന്റർലോക്ക് വിരിക്കൽ - കരാറുകാരന് അധിക നിരക്ക് നൽകി**

| | |
|---|---|
| പ്രോജക്ട്/ നമ്പർ | മരവത്തുപടി-ഐമനത്ത് ചിറ റോഡ് മെയിന്റനൻസ് 23/22-23 |
| കരാറുകാരൻ | ഷാജി പി കുര്യാക്കോസ് |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| അടങ്കൽ/ചെലവ് | 500000/468317 |
| ബിൽ നം/ തീയതി | 27/18.02.2023 |

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരവത്തുപടി-ഐമനത്ത് ചിറ റോഡ് മെയിന്റനൻസ് എന്ന 23/22-23 നമ്പർ പ്രോജക്ട് പ്രകാരം 251.97 ചതുരശ്രമീറ്റർ ഇന്റർ ലോക്ക് വിരിക്കുന്നതിന് (എസ്റ്റിമേറ്റ് ക്രമ നം. 3) ചതുരശ്രമീറ്ററിന് 1031.53 രൂപ പ്രകാരം 259915/- രൂപയും 12% ജി എസ് റ്റി ആയ 31190/- രൂപയും ഉൾപ്പെടെ 291105/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡാറ്റാ പരിശോധിച്ചതിൽ 1031.53/- രൂപയിൽ Edge Block, River Sand എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സമാന രീതിയിൽ പഞ്ചായത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ Edge Block ഒഴിവാക്കി സൈഡ് കോൺക്രീറ്റ് ഉൾപ്പെടുത്തിയും, River Sand ഒഴിവാക്കി സ്റ്റോൺ ചിപ്പ് ഉൾപ്പെടുത്തിയും ചതുരശ്രമീറ്ററിന് 970.46 രൂപ നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കുകയും ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയുമാണ് ചെയ്തിട്ടുള്ളത്.

നിലവിൽ River Sand ലഭ്യമല്ലാത്തതിനാൽ സ്റ്റോൺ ചിപ്പ് ഉപയോഗിച്ചാണ് മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് എന്നതിനാലും മരവത്തുപടി-ഐമനത്ത് ചിറ റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഇന്റർ ലോക്ക് വിരിക്കുന്നിടത്ത് 30 സെന്റീമീറ്റർ വീതിയിലും 15 സെന്റീമീറ്റർ കനത്തിലും സൈഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാലും ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്കായ 970.46 രൂപ/ചതുരശ്രമീറ്റർ ആണ് അനുവദിക്കാവുന്നത് എന്ന് കാണുന്നു.അനുവദിച്ചതും അനുവദിക്കാവുന്നതുമായ തുകയുടെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നല്കിയ തുക @1031.53 | നല്കാവുന്ന തുക @970.46 |
|---|---|---|---|
| | 251.97 ചതുരശ്രമീറ്റർ ഇന്റർ ലോക്ക് വിരിക്കുന്നതിന് | 259915.00 | 244527.00 |
| | ടെണ്ടർ കുറവ് 2.4% | 6237.96 | 5868.64 |
| | ബാക്കി | 253677.04 | 238658.36 |
| | ജി എസ് റ്റി 12% | 30441.24 | 28639.00 |
| | ആകെ | 284118.28 | 267297.36 |
| | അധികം നല്കിയത് 284118.28-267297.36 = 16820.92 | | |

അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 3/10-11-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ലെങ്കിലും കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് സമാപന സമ്മേളനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുക ഈടാക്കി വിവരം അറിയിക്കുന്നതു വരെ ഈ ഇനത്തിലുള്ള അധികച്ചെലവ് 16821/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുക ഈടാക്കി വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-30 കാലിബാരലുകളുടെ വില ഈടാക്കിയില്ല**

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് വേലകളുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സീൽഡ് ബിറ്റുമിൻ വില ഉൾപ്പെടുത്തിയാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ കാലിബാരലിന്റെ വില + 18% ജി എസ് റ്റി ഉൾപ്പെടെ കരാറുകാരനിൽ നിന്നും ഈടാക്കി കാലിബാരലിന്റെ വില ബിറ്റുമിൻ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിലേക്കും ജി എസ് റ്റി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലേക്കും അടവാക്കേണ്ടതുണ്ട്. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക | ജി എസ് റ്റി | ആകെ |
|---|---|---|---|---|---|---|
| 1 | ഹരിജൻ കോളനി-ലക്ഷം കോളനി റോഡ് | മാത്തച്ചൻ എം വാടാന | 30 | 7140 | 1285 | 8425 |

| | |
|---|---|
| | 7/22-23 |
| 2 | താഴത്തിക്കര-പായിപ്ര-പൊരിയെന്ത്രമറ്റം റോഡ്28/22-23 |

മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളുടെ കരാറുകാരനിൽ നിന്നും 8425/- രൂപ ഈടാക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 10/13-11-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ലെങ്കിലും തുക ഈടാക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 27/06/23 ലെ 5(1) തീരുമാനപ്രകാരം 3/07/23 ൽ സമർപ്പിച്ചു. | 06/11/23 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക | ലഭിച്ച തീയതി ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പാമ്പാടി | 120000/- | 18.01.23 | 45/23 ഭൂരഹിത ഭവന രഹിത പദ്ധതി(എസ്സ്സിപി) | 120000/- | 0 |
| | 1,00,000/-<br>2,00,000/- | 30.11.22<br>03.02.23 | 44/23 ഭൂരഹിത ഭവന രഹിത പദ്ധതി (ജനറൽ) | 300000/- | 0 |

| | | | | | |
|---|---|---|---|---|---|
| | 195500/- | 30.11.22 | 46/23 ഭൂരഹിത ഭവന രഹിത പദ്ധതി ജനറൽ (റ്റി എസ് പി) | 195500/- | 0 |
| | 2,00,000/- | 27.03.23 | 163/23 ശ്രവണം മധുരം കേൾവി സഹായ പദ്ധതി | 2,00,000/- | 0 |
| | 1,00,000/- | 28.12.22 | 65/23 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | 4,20,000/- | 31.03.23 | 146/23 മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 420000/- | 0 |
| | 50000/- | 16.02.23 | 16/23 156-ാം നം അംഗൻവാടിക്ക് അറ്റകുറ്റപ്പണി | 50000/- | 0 |
| **ആകെ** | 13,85,500/- | | | 13,85,500/- | |
| **ജില്ലാ പഞ്ചായത്ത്.** കോട്ടയം | 2,60,000/-<br>1,60,000/- | 15.03.23<br>28.02.23 | 45/23 ഭൂരഹിത ഭവന രഹിത പദ്ധതി (എസ്സ്സിപി) | 4,20,000/- | 0 |
| | 2,00,000/- | 15.03.23 | 46/23 ഭൂരഹിത ഭവന രഹിത പദ്ധതി ജനറൽ (റ്റി എസ് പി) | 2,00,000/- | 0 |
| | 1,13,200/- | 14.03.23 | 65/23ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,13,200/- | 0 |
| | 187345/- | 17.10.22 | 20/23 154-ാം നം അംഗൻവാടിക്ക് അറ്റകുറ്റപ്പണി | 187345/- | |
| **ആകെ** | 920545/- | | | 920545/- | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന

വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCOയിൽ നിന്നും അനുവദിച്ച വായ്പ | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018 | 22,06,235/- | 3,20,000/- | 9,65,071/- | - | 15,61,164/- |

മുൻ ഓഡിറ്റിലെ നിർദ്ദേശപ്രകാരം ലോൺ രജിസ്റ്റർ കൃത്യതയുള്ളതാക്കിയിട്ടുണ്ട്. പുതുക്കിയ പ്രാരംഭബാക്കി ഉൾപ്പെടുത്തുന്നു.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18,44,397/- |
| തൻവർഷം നിക്ഷേപിച്ച തുക | 25,00,000/- |
| പലിശ( 6.92%) | 95,879/- |
| ആകെ | 44,40,276/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 44,40,276/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, മണ്ണർകാട്<br>അക്കൗണ്ട് നം. 140040015267/2 പലിശ( 6.92%) | 19,40,276/- |
| കേരളാ ഗ്രാമീൺ ബാങ്ക്<br>അക്കൗണ്ട് നം. 40592202200164 (പലിശ5.50%) | 25,00,000/- |
| ആകെ | 44,40,276/- |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 44384/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം.& തീയതി |
|---|---|---|---|---|
| 2019-20 | 1-24A,3-1A | 18,105/- | രാജു എബ്രാഹം | 1220106445-21/02/23 |
| 2010-11 | 2-3എ | 240/- | സെന്റ് മേരീസ് ഏജൻസീസ് | 1220104978-26.11.22 |

| | | | | |
|---|---|---|---|---|
| 2010-11 | 2-3എ | 360/- | കൊശമറ്റം ഫിനാൻസ് | 1220104977-26.11.22 |
| 2019-20 | 1-24 2എ | 7936/- | ഷാജി എബ്രാഹം | 1220100307-20.04.22 |
| 2019-20 | 1-23(4),1-23(5) | 10458/- | പി.എ.ചെറിയാൻ | 1220100308-20.04.22 |
| 2019-20 | 1-25,1-27 | 6416/- | സാബു സെബാസ്റ്റ്യൻ | 1220100309-20.04.22 |
| 2009-10 | 2-2 | 240/- | സെൻ്റ് മേരീസ് ഇഗ്ളീഷ് മീഡിയം സ്കൂൾ | 1220102295-02.08.22 |
| 2009-10 | 2-2 | 240/- | കൊശമറ്റം ഫിനാൻസ് | 1220102295-02.08.22 |
| 2015-16 | 2-5 | 389/- | ദീലീപ് റ്റി ചാക്കോ,കുര്യൻ മത്തായി,സുജ സൂസൻ | 1220102306-02.08.22 |
| ആകെ | | 44384/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 2, അനുബന്ധം - 4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2, 2-5, 2-6 | 2016-17 | 2, അനുബന്ധം - 3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-6, 2-7, 2-8 | 2016-17 | 2, അനുബന്ധം - 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2017-18 | 3-4 | 2018-19 | കോട്ടയം ജില്ല-1 | ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ – പൊതു പണത്തിന്റെ ദുർവ്യയം | നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ നിലവിലില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (രസീത് & പേയ്മെന്റ് പ്രകാരം) | : | 80589222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : | 49338128 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 88887786 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 78994485 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16821 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 16821 | സലിൽ ക്ലീറ്റസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 16821 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാകുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.03.2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-2022/109(3)/2022/02.08.2022 | 1 |
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-2022/109(5)/2022/02.08.2022 | 3 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-2022/1091(1)/2022/02.08.2022 | 1 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-2022/318/2022/02.08.2022 | 1 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-2022/1091(3)/2022/02.08.2022 | 2 |
| 2012-13 | കെ എസ് എ കെടിഎം പി13-അദാ-2022/1091(4)/2022/02.08.2022 | 13 |
| 2013-14 | കെ എസ് എ കെടിഎം പി13-അദാ-2022/1091(5)/2022/02.08.2022 | 5 |
| 2014-15 | കെ എസ് എ കെടിഎം പി13-അദാ-2022/1091(6)/2022/02.08.2022 | 14 |
| 2015-16 | കെ എസ് എ കെടിഎം പി13-അദാ-2022/1091(7)/2022/02.08.2022 | 9 |
| 2016-17 | കെ എസ് എ കെടിഎം പി13-അദാ-2022/1091(8)/2022/02.08.2022 | 10 |
| 2017-18 | കെ എസ് എ കെടിഎം പി13-അദാ-2022/1091(9)/2022/02.08.2022 | 15 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി13-177/2022/20.06.2022 | 33 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി13-510/2022/25.06.2022 | 16 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി13-511/2022/08.08.2022 | 18 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി13-2428/23/ . .2022 | 51 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Manarcadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, due to the material and pervasive insufficiencies in obtaining audit evidence, attributable to the faulty maintenance of accounting records, as pointed out in the appended report, it is not possible to express an opinion whether the annual financial statements give a true and fair view of the Receipts and Payments, Income and Expenditure (Deficit or Surplus) and the position of Assets and Liabilities Manarcadu Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Manarcadu Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated
2. Non Disclosure of Capital Contribution- Opening balance details Captal contribution and fundwise capital contribution of current year are not available
3. General Fund Details not disclosed - Source Data not available for the value of total general fund as on 31/03/2023

**2.Other Observations**

1. Non accounting of partbill amounts as Capital Work in Progress (PHC building construction)
2. Non production of calculation statement of accumulated depreciation
3. Closing balance of the following registers are not match with AFS (Demand register, Advance register,

Deposit register,Govt. dues register, Loan register)

4. Details of advances paid as per B18 Schedule not ascertained

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്